ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"ഉണർവിൻ വരം
ലഭിപ്പാൻ.."

"തുറന്ന വാതിൽ"

വെളിപ്പാടു 3 : 8

JULY
2023

CONTENTS

- **സന്ദേശം** : "**തുറന്ന വാതിൽ**".
- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ**.
- **പാട്ടും അനുദിന ചിന്തയും** : "**ഉണർവ്വിൻ വരം ലഭിപ്പാൻ**..."

സന്ദേശം - തുറന്ന വാതിൽ

വെളിപ്പാടു 3 : 8. **ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു; അതു ആർക്കും അടച്ചുകൂടാ. നിനക്കു അല്പമേ ശക്തിയുള്ളു എങ്കിലും നീ എന്റെ വചനംകാത്തു, എന്റെ നാമം നിഷേധിച്ചിട്ടില്ല.**

വെളിപ്പാട് പുസ്തകത്തിലെ ഈ വാക്യം ഉദ്ധരിച്ചും ഉച്ചരിച്ചും കേൾക്കാത്തവർ വളരെ ചുരുക്കമാണ്. ഭാവിയിൽ സംഭവിക്കുവാനുള്ള അഥവാ ഇനി വരുവാനുള്ള സംഭവങ്ങൾ എന്ന നിലയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ യോഹന്നാൻ അപ്പോസ്തോലൻ രചിച്ച ഈ വാക്യത്തിൽ ഒരു തുറന്ന വാതിലിനെക്കുറിച്ചു എഴുതിയിരിക്കുന്നതായി നാം കാണുന്നു. ഈ വാതിലിനു അനേകം മാനങ്ങൾ അഥവാ അർത്ഥതലങ്ങൾ ഉള്ളതായി നാം കാണുകയും പഠിക്കുകയും ചെയ്തിട്ടുണ്ടാവാം. എങ്കിലും നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ ഒരു തുറന്ന വാതിലിനെക്കുറിച്ചുള്ള ചിന്ത നമ്മെ ഒരല്പം കൂടി നമ്മുടെ ദൈവമായ കർത്താവിൽ വിശ്വസിക്കുവാനും ആശ്രയിക്കുവാനും പ്രേരിപ്പിക്കുവാൻ കാരണമാകുമെന്ന് വിശ്വസിക്കുന്നു.

'ഫിലദെൽഫ്യയിലെ സഭയുടെ ദൂതന്നു എഴുതുക' എന്നു തുടങ്ങുന്ന ഏഴാം വാക്യത്തിൽ, ആരാണ് അരുളിച്ചെയ്യുന്ന ദൈവം എന്ന് യോഹന്നാൻ വെളിപ്പെടുത്തുന്നുണ്ട്. അത് 'വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനും ആയി ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ' ആണ്. അതായത്, എല്ലാവിധ വാതിലുകളെക്കുറിച്ചും അതിന്റെ താക്കോലുകളെക്കുറിച്ചും ധാരണയുള്ളവൻ (സർവ്വജ്ഞാനി), ആ താക്കോലുകൾ വിവിധതരത്തിലാണെങ്കിലും നിർമിതികളിലാണെങ്കിലും അവയെല്ലാം കൈവശം വയ്ക്കുവാൻ കഴിയുന്നവനും (ഉടമസ്ഥൻ) വാതിലിന്റെ പുറത്തും അകത്തും പ്രവേശനാനുമതി ആവശ്യമില്ലാത്തവനും (സർവാധികാരി),

ഏതു സമയത്തും അസമയത്തും വാതിലിനുവേണ്ടി കാത്തുനിൽക്കാതെ എല്ലായ്പ്പോഴും തുറക്കുവാൻ കഴിയുന്നവനുമായ (സർവശക്തനായ) ജീവനുള്ള സത്യദൈവത്തെയാണ് നാം ഈ വാക്യത്തിൽ കാണുന്നത്. നാം കണ്ട 7ആം വാക്യത്തിൽ വാതിലിന്റെ രണ്ട് അവസ്ഥകളെക്കുറിച്ചു പറയുന്നു.

1. 'ആരും അടയ്ക്കാതവണ്ണം തുറക്കുക'
2. 'ആരും തുറക്കാതവണ്ണം അടയ്ക്കുക'

ഈ രണ്ട് കാര്യങ്ങളും നമ്മുടെ ദൈവം എല്ലാനേരത്തും നമുക്കായി ചെയ്തുകൊണ്ടിരിക്കുന്നു എന്ന് അനുഭവിക്കുമ്പോഴാണ് അതിരുവിട്ട ഒരു 'കൊതി' നമുക്കു നമ്മുടെ ദൈവത്തോട് ഉണ്ടാവുന്നത്. പക്ഷേ, യാഥാർഥ്യമെന്തെന്നാൽ, ദൈവത്തെ അനുഭവിക്കാതെയും ദൈവത്തിനുവേണ്ടി കൊതിക്കാതെയും ചെയ്യുന്ന ഒരു ഭൂരിപക്ഷം നമുക്കിടയിലുണ്ട്/നമ്മിൽത്തന്നെയുണ്ട്. അവരും ദൈവത്തെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു, അനുദിനം ദൈവത്തെ പാടി സ്തുതിച്ചുകൊണ്ടുമിരിക്കുന്നു.

എന്നാൽ, 8 ആം വാക്യത്തിലേക്കുവരുമ്പോൾ നാം കാണുന്നത് ദൈവത്താൽ അടക്കപ്പെട്ടതോ ലോകം തുറക്കാൻ വിസമ്മതിക്കാത്തതോ ആയ ഒരു വാതിലിനെക്കുറിച്ചേ അല്ല. മറിച്ച്, തുറന്ന ഒരു വാതിൽ. ആ വാതിലാകട്ടെ കഴിഞ്ഞ അനേക നാളുകളായി അടഞ്ഞുകിടന്നിരുന്നു. ആരുടെയൊക്കെമുന്പിൽ അത് അടഞ്ഞിരുന്നു എന്ന് വ്യക്തമല്ല. എന്നാൽ ഇപ്പോഴാകട്ടെ ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന നമുക്കായി ആ വാതിൽ തുറന്നിരിക്കുന്നു! മറ്റൊരുവാക്കിൽ പറഞ്ഞാൽ സ്വർഗീയപ്രവേശനത്തിന്റ മുന്നൊരുക്കം എന്നതുപോലേ ഭൂമിയിൽ നമുക്കായി ക്രിസ്തുവിന്റെ ഒരു വാതിൽ! ആ വാതിൽ മാറ്റാരിലൂടെയും അടക്കപ്പെടുകയില്ല. കാരണം, ആ വാതിൽ തുറന്നദൈവം നമുക്കായി ആ വാതിൽക്കൽത്തന്നെ നില്കുന്നു.

ധൂർത്തപുത്രന്റെ (എന്ന് നാം വിളിക്കുന്ന) ഉപമയിൽ മകനിലേക്കു ഇറങ്ങിവരുന്ന പിതാവിനെപ്പോലെ യേശു നമുക്കായി എല്ലായ്പ്പോഴും വാതിൽക്കൽ നിൽക്കുന്നു.

ലൂക്കോസ് 15 : 20. **അങ്ങനെ അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ പോയി. ദൂരത്തുനിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു.**

ഒരിക്കലായല്ല, എല്ലായ്പ്പോഴും. നമ്മെ ജയോത്സവമായി നടത്തുവാൻ, നിത്യപ്രകാശത്തിൽ നിറുത്തുവാൻ യേശു ഇമ്മാനുവേലായി ആ വാതിൽക്കലുണ്ട്.

നമ്മുടെ വീടുകളിൽ കുറ്റിയിട്ടുറപ്പിച്ചതോ പ്രവേശനാനുമതി നിഷേധിച്ചതോ ആയ വാതിലുകൾ നാം കാണാറില്ല. തുറന്നവാതിലുകളിലൂടെ അനേകതവണ കയറിയും ഇറങ്ങിയും നാം അവയോട് ഇണങ്ങിയിരുന്നു. അപ്രതീക്ഷിതമായി അടക്കപ്പെട്ടുപോയേക്കാവുന്ന മുറികളിലും പുറത്തുകടക്കുവാനുള്ള മാർഗങ്ങൾ നാം വേഗത്തിൽത്തന്നെ കണ്ടത്തിയേക്കാം. കാരണം ഒരു വാതിലും നമുക്കു വിരോധമായി അടഞ്ഞുപോവുകയില്ല എന്ന ഒരു ഉറപ്പ് നമുക്കുണ്ട്. എന്നാൽ, ചിലപ്പോഴെങ്കിലും നമ്മുടെ ജീവിതത്തിൽ പൊടുന്നനെ ചില അടഞ്ഞവാതിലുകൾ പ്രത്യക്ഷപ്പെടാറുണ്ട്. മുകളിൽ പറഞ്ഞതുപോലെ, തുറന്നുവാതിലുകൾ മാത്രം കണ്ടു ശീലിച്ച നമ്മുടെ കണ്ണുകൾ അടഞ്ഞവാതിലിനുമുന്പിൽ നിറയുന്നു. തുറന്നവാതിലിനുള്ളിലൂടെ യഥേഷ്ടം വിഹരിച്ചുവന്ന നമ്മുടെ ശരീരം വിറകൊള്ളുന്നു. വാതിലിനെക്കുറിച്ചേ ചിന്തിക്കാതെയിരുന്ന തലച്ചോറിലെ ചിന്തകൾ ഏറെക്കുറെ മരവിച്ചും തുടങ്ങിയിരിക്കുന്നു. ഇവിടെയാണ് ക്രിസ്തു നമുക്കായ് തുറന്ന വാതിലിന്റെ പ്രസക്തി.

എപ്പോഴെല്ലാം നാം ദൈവമക്കളാണ് എന്ന ബോധ്യത്തിൽ ദൈവത്തോട് ചേർന്നു ജീവിക്കുമോ അപ്പോഴൊക്കെയും തുറന്ന വാതിലിന്റെ വില മനസ്സിലാക്കി നാം അവയിലൂടെ കടന്നുപോകും. മാനുഷികങ്ങളായ ശക്തികൾക്കും തീരുമാനങ്ങൾക്കും യുക്തികൾക്കും പോറലുവീഴുമ്പോൾ ദൈവം 'നമ്മുടെ അല്പമായ ശക്തി'യെക്കുറിച്ചു പറഞ്ഞുതുടങ്ങും. അവിടെയാണ് നമ്മുടെ ഹൃദയം നുറുങ്ങുകയും ദൈവശക്തിക്കായി കൊതിക്കുകയും ചെയ്യുന്നത്.
'**നിനക്കു അല്പമേ ശക്തിയുള്ളു എങ്കിലും നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചിട്ടില്ല**', നമ്മുടെ ചുറ്റുമുള്ള ഒരു അല്പപ്രാണിയെ നാം അതിശ്രദ്ധയോടെ കരുതുന്നുവെങ്കിൽ അല്പവിശ്വാസികളായ നമ്മെ, നമ്മുടെ ദൈവം എത്ര അധികമായി കരുതും! ഓർക്കുക, അടഞ്ഞവാതിലുകൾ തുറക്കുവാൻ എല്ലായ്പ്പോഴും നമ്മുടെ കർത്താവിനുകഴിയും.

ലൂക്കോസ് 18
7. **ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ**?
8. **വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു**.

ക്രിസ്തുവിനെക്കുറിച്ചുള്ള പരിമിതമായ അറിവിൽനിന്നും യേശു തുറന്നുതരുന്ന വാതിലിൽ പ്രവേശിക്കുവാനുള്ള കാഴ്ച്ച ഇല്ലാതിരിക്കെ, കാഴ്ച്ച'തിരികെപ്രാപിച്ച' ശൗലിനെയും കാഴ്ച്ച നൽകുവാൻ സ്വർഗത്തോളം ചിന്തിച്ച അനന്യാസിനെയും നാം അപ്പോസ്തോലന്മാരുടെ പ്രവൃത്തികളിൽ കാണുന്നു.

പ്രവൃത്തികൾ 9
17. **അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്നു അവന്റെമേൽ കൈവെച്ചു: ശൌലേ, സഹോദരാ, നീ കാഴ്ചപ്രാപിച്ചു പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിന്നു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു എന്നകർത്താവു എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.**
18. **ഉടനെ അവന്റെ കണ്ണിൽനിന്നു ചെതുമ്പൽപോലെ വീണു; കാഴ്ച ലഭിച്ചു അവൻ എഴുന്നേറ്റു സ്നാനം ഏൽക്കയും ആഹാരം കൈക്കൊണ്ടു ബലം പ്രാപിക്കയും ചെയ്തു.**

ഇപ്രകാരം കാഴ്ച്ച കൊടുക്കുന്ന അനന്യസിനു ദൈവം തുറന്ന വഴികളെ കാണാനും ഗ്രഹിക്കാനും അതിലൂടെ പൗലോസിനെ കടത്തുവാനും കഴിയുന്നതായി നാം കാണുന്നു. കാരണം, യേശുവാണ് യഥാർത്ഥ വാതിലെന്ന് അനന്യാസ് തിരിച്ചറിഞ്ഞിരുന്നു, അനുഭവിച്ചിരുന്നു. ഈ അനുഭവത്തിനുവേണ്ടിയാണ് നാമും പ്രാർത്ഥിക്കേണ്ടുന്നത്.

യോഹന്നാൻ 10
7. **യേശു പിന്നെയും അവരോടു പറഞ്ഞതു: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ആടുകളുടെവാതിൽ ഞാൻ ആകുന്നു.**
8. **എനിക്കു മുമ്പെ വന്നവർ ഒക്കെയും കള്ളന്മാരും കവർച്ചക്കാരും അത്രേ; ആടുകളോ അവരുടെ വാക്കു കേട്ടില്ല.**
9. **ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയുംപുറത്തുപോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും.**
10. **മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനുംസമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു.**

പ്രാർത്ഥനയിൽ മുഴുകുന്ന അനന്യസിനേക്കാളും വീര്യപ്രവൃത്തികൾ ചെയ്യുന്ന പൗലോസാവാനാണ് നാം പലപ്പോഴും ആഗ്രഹിക്കുന്നത്. പൗലോസാവാൻ ആഗ്രഹിക്കുന്നത് ഒരിക്കലും തെറ്റല്ല, എന്നാൽ പലപ്പോഴും പൗലോസിന്റെയും അനന്യസിന്റെയുമൊക്കെ പ്രാർത്ഥനാജീവിതം അറിഞ്ഞോ അറിയാതെയോ നമ്മിൽനിന്നും വിസ്മരിക്കപ്പെടുന്നു. പ്രാർത്ഥനയിൽ തുടങ്ങുന്ന സകലവും പ്രാർത്ഥനയാൽ വളർന്നതും ദൈവത്താൽ മഹത്വീകരിക്കപ്പെട്ടുമിരിക്കും. അനന്യാസ്സിനു അധികം ശക്തിയില്ല, എന്നാൽ അനന്യാസ്സിനെ ശക്തനാക്കുന്നദൈവം, പൗലോസിനെ ഒരു യോദ്ധാവാക്കുവാൻ കണ്ടിട്ടുണ്ടായിരുന്നു. അതിന്റെ തുടക്കം അനന്യസിന്റെ പ്രാർത്ഥനാജീവിതം തന്നെയായിരുന്നു.

പ്രവൃത്തികൾ 9
17. **അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്നു അവന്റെമേൽ കൈവെച്ചു: ശൌലേ, സഹോദരാ, നീ കാഴ്ചപ്രാപിച്ചു പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിന്നു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു എന്നകർത്താവു എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.**
18. **ഉടനെ അവന്റെ കണ്ണിൽനിന്നു ചെതുമ്പൽപോലെ വീണു; കാഴ്ച ലഭിച്ചു അവൻ എഴുന്നേറ്റു സ്നാനം ഏൽക്കയും ആഹാരം കൈക്കൊണ്ടു ബലം പ്രാപിക്കയും ചെയ്തു.**

കർത്താവ് പൗലോസിനുവേണ്ടി തന്നെ അയക്കുന്നു എന്ന ബോധ്യം അനന്യാസ്സിൽ ഉടലെടുത്തത് അദ്ദേഹം പ്രാർത്ഥനയിൽ ഉറ്റിരുന്നപ്പോൾ തന്നെയായിരുന്നു. നാമും പ്രാർത്ഥനാനിരതരായാൽ നമ്മെ കർമ്മനിരതരാക്കുന്ന ഒരു ദൈവം നമുക്കുണ്ട്! എന്നാൽ നാം ദൈവത്തെ ത്യജിച്ചുകളയാതിരിക്കുവാൻ ദൈവവുമായി നമുക്കൊരു വ്യക്തിബന്ധം ഉണ്ടാകേണ്ടുന്നത് അത്യന്താപേക്ഷിതമാണ്.

എബ്രായർ 3 : 12. **സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന്നു അവിശ്വാസമുള്ളദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ**.

കാരണം, ദൈവം നമ്മെ ഒരുനാളും കൈവിടാൻ ഒരുക്കമല്ല. നിത്യസ്നേഹത്താൽ നമ്മെ സ്നേഹിക്കുന്ന ദൈവം നമുക്കായി എല്ലാനാളും വാതിൽതുറക്കും.

യിരേമ്യാവു 31 : 3. **യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: നിത്യസ്നേഹംകൊണ്ടുഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു**.

1 തെസ്സലൊനീക്യർ 1 : 4. **ഞങ്ങൾ നിങ്ങൾക്കെല്ലാവർക്കും വേണ്ടി എപ്പോഴും ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരന്മാരേ, നിങ്ങളുടെ തിരഞ്ഞെടുപ്പിനെ അറിയുന്നുവല്ലോ**.


ഇപ്രകാരം നമ്മുടെയിടയിൽ എല്ലായ്പ്പോഴും വസിക്കുവാനായി നമ്മോടുകൂടെ സകലത്തെയും വാഴുന്ന ദൈവത്തെയാണ് നാം അനുഭവിക്കേണ്ടുന്നതും പ്രസംഗിക്കേണ്ടുന്നതും. ദൈവത്തെ അനുഭവിക്കാത്തവർ എങ്ങനെ അനുസരിക്കും ? എങ്ങനെ പ്രസംഗിക്കും ? ക്രിസ്തു നമ്മുടെ ജീവിതത്തിൽ അനുഭവമാവുമ്പോൾ ഒരുനാളും ഈ ക്രിസ്തുവിന്റെ നാമത്തെ തള്ളിപ്പറയുവാൻ കഴിയാത്തവണ്ണം ദൈവം നമ്മെ അവനോടു അധികം അടുപ്പിക്കും.


നമ്മുടെ മുൻപിൽ തുറന്നിരിക്കുന്ന വാതിലുകൾക്കുള്ളിൽ ക്രിസ്തുവിന്റെ പ്രകാശം എപ്പോഴുമുണ്ടെന്ന് ഉറപ്പുവരുത്തുക. ആ വാതിലുകൾ എത്ര വിശാലമായിരുന്നാലും അവിടെ ദൈവസാന്നിദ്ധ്യം (പരിശുദ്ധാത്മാവ്) കടന്നുവരുന്നില്ല എങ്കിൽ അവയിൽ കടക്കാതിരിക്കുക. കാരണം, തുറന്ന വാതിലുമായിനിൽക്കുന്ന ദൈവത്തെകാണുവാൻ അനന്യാസ്സിനെപ്പോലെ പ്രാർത്ഥിച്ചു മുന്പോട്ടുപോകുവാൻ ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു.


ഭൂമിയിലെ വിജയങ്ങൾ ആയിരിക്കുകയില്ല സ്വർഗ്ഗത്തിലെ ജയോത്സവങ്ങൾ. നിലനിൽക്കുന്ന സ്വർഗീയനിക്ഷേപങ്ങൾക്കായി സ്വർഗ്ഗീയവാതിലിൽകൂടി പ്രവേശിക്കുന്ന ചുരുക്കം ചിലരിൽ ഒരാളായി നമുക്കുംമാറാം.

ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കുമാറാകട്ടെ.

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.







പാട്ടും അനുദിന ചിന്തയും : "ഉണർവ്വിൻ വരം ലഭിപ്പാൻ..."

നാളിതുവരെ നാം കേട്ടും പഠിച്ചും പാടിയ, ക്രിസ്തീയ ആരാധന ഗീതങ്ങളിലൂടെയുള്ള ഒരു യാത്രയാണ് ഈഭാഗത്തിൽ ഉൾക്കൊള്ളിക്കുവാൻ ആഗ്രഹിക്കുന്നത്.

പാട്ടുകളുടെ അർത്ഥങ്ങളെ വിശകലനം ചെയ്ത് അവയുടെ മൂല്യത്തെയോ ഇകഴ്ത്താനോ വിലകുറച്ചുകാണിക്കുവാനോ അല്ല ഈ ഭാഗത്തിലൂടെ അർത്ഥമാക്കുന്നത്. മറിച്ചു, അർത്ഥസമ്പുഷ്ടമായ അനേകം പ്രാർത്ഥനാനിർഭരമായ ഗാനങ്ങൾ നാം പാടി പതിഞ്ഞപ്പോൾ, അവയുടെ അർത്ഥവും വ്യാപ്തിയും നാമറിയാതെ ഈണത്തോടൊപ്പം ഒഴുകിപ്പോവുന്നു. ഈ പ്രവണതകളിൽനിന്നും പാട്ടിന്റെ യഥാർത്ഥ അർത്ഥത്തെ ചിലവാക്കുകളിലൂടെ പങ്കുവച്ചും അവ ഹൃദയത്തിൽ പതിപ്പിച്ചു നമ്മുടെ ഗാനാലാപനങ്ങൾ ദൈവത്തിന്പ്രസാദമുള്ള ആരാധനയായി/പ്രാർത്ഥനയായിത്തീരുവാനും വേണ്ടിയാണ് ഈ ഉദ്യമം.

ഉണർവ്വിൻ വരം ലഭിപ്പാൻ
****

ഉണർവ്വിൻ വരം ലഭിപ്പാൻ
ഞങ്ങള് വരുന്നൂ തിരുസവിധേ
നാഥാ.. നിന്റെ വന് കൃപകള്
ഞങ്ങള്ക്കരുളൂ അനുഗ്രഹിക്കൂ (2)

1

ദേശമെല്ലാം ഉണർന്നീടുവാൻ
യേശുവിനെ ഉയർത്തീടുവാൻ (2)
ആശിഷമാരി അയയ്ക്കേണമേ
ഈ ശിഷ്യരാം നിന് ദാസരിന്മേൽ (2) (**ഉണർവ്വിൻ**..)

2

തിരുവചനം ഘോഷിക്കുവാൻ
തിരുനന്മകൾ സാക്ഷിക്കുവാൻ
ഉണർവ്വിൻ ശക്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ (*2*) (**ഉണർവ്വിൻ**..)

3

തിരുനാമം പാടിടുവാൻ
തിരുവചനം ധ്യാനിക്കുവാൻ (*2*)
ശാശ്വത ശാന്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ (*2*) (**ഉണർവ്വിൻ**..)

ഭൂരിഭാഗം വരുന്ന ക്രിസ്തീയ സഭകളും പാടി ആരാധിക്കുന്ന "ഉണർവിൻ വരം ലഭിപ്പാൻ" എന്ന ഈ ഗാനം ഏവർക്കും സുപരിചിതമാണ്. അനുഗ്രഹിക്കപ്പെട്ട ഈണത്തിൽ നാം എല്ലാവരും സന്തോഷത്തോടു കൂടി പാടുന്നഈ ഗാനം നമുക്കു നൽകുന്നത്, പ്രാർത്ഥന നിറവുള്ള വരികൾ തന്നെയാണ്. അർത്ഥമറിഞ്ഞു പാടിയാൽ ദൈവം അയക്കുന്ന ഉണർവിനെ പ്രാപിക്കാൻ ഒരു ജനത്തെ ഒരുക്കുന്ന, അനേകം പ്രാർത്ഥനകളുടെ ഒരു കലവറയായി ഈ ഗാനത്തെ വിശേഷിപ്പിക്കാൻ കഴിയും. ദൈവത്തോടുള്ള ഒരു കൂട്ടം ഭക്തരുടെ/മക്കളുടെ/ശുശ്രൂഷകരുടെ ആഗ്രഹത്തോടെയുള്ള ഒരേയൊരു ചോദ്യം "ഉണർവ്വ് ഞങ്ങളുടെ മേൽ അയക്കേണമേ" എന്നതാണ്, ഇതാണ് ഈ ഗാനത്തിന്റെ ജീവൻ.

ഈ ചോദ്യം ചോദിക്കുന്നതാരാണ് ? ദൈവത്തെ സ്നേഹിക്കുന്ന, നിർണ്ണയപ്രകാരം വിളിക്കപ്പെട്ട ഏതൊരുവ്യക്തിക്കും ഈ ചോദ്യം ആവശ്യബോധത്തോടെ വെളിപ്പാടോടുകൂടി ദൈവസന്നിധിയിൽ ചോദിക്കുവാൻ അവകാശമുണ്ട് അഥവാ ഉത്തരവാദിത്വമുണ്ട്. കേവലം ആവേശത്താക്കാളധികം ദൈവമക്കളുടെമേലുള്ള സ്വർഗ്ഗീയ ഉത്തരവാദിത്വത്തെ പ്രതിധ്വനിപ്പിക്കുന്നതാണ് ഇതിലെ 'ഉണർവിനായുള്ള ദാഹം'. ഏതൊരു മനുഷ്യന്റെയും ആവേശം സമയബന്ധിതമായി കെട്ടടങ്ങും. എന്നാൽ, ദൈവാത്മാവിന്റെ പ്രേരണയാൽനമ്മിൽ വെളിപ്പെടുന്ന ദാഹം ദൈവത്താൽ മാത്രം നിറയപ്പെടുന്നതാണ്. അവർക്കുമാത്രമേ സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള എരിവിൽ പ്രാർത്ഥിക്കുവാൻ കഴിയുകയുള്ളൂ.

മത്തായി 5 : 3. “**ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ**; **സ്വർഗ്ഗരാജ്യം അവർക്കുള്ളതു**.

ഒരുകൂട്ടത്തെ പ്രതിനിധികരിച്ചുകൊണ്ടാണ് ഈ ഗാനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. 'ഞങ്ങൾക്ക് അരുളുക', 'ദാസരിന്മേൽ' എന്നൊക്കെയുള്ള പ്രയോഗങ്ങൾ ഇതിനുദാഹരണമാണ്. ദൈവകൃപയുടെ ഏതൊരുദൈവപൈതലിനും ജീവവായുവാണ്. കാരണം, ക്രിസ്തുവിൽ പുതിയസൃഷ്ടിയായ നമുക്കെല്ലാവർക്കും ദൈവകൃപകൂടാതെ നൽഫലം കായ്ക്കുവാൻ കഴിയുന്നതല്ല. ദേശത്തെ ഉണർത്തുവാൻ ഇന്ന് അനേകർ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാറുണ്ട്. അവ സോഷ്യൽ മീഡിയകളിൽ തരംഗം സൃഷ്ടിക്കുമ്പോൾ ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നാണ് സ്വർഗ്ഗം ഉറ്റുനോക്കുന്നത്. ദേശത്തു ഉയർച്ച ആഗ്രഹിക്കാത്ത മനുഷ്യരില്ല, എന്നാൽ തന്റെ ഉയർച്ചയുടെ ആയിരത്തിലൊന്നു യേശുവിനെ പ്രസംഗിക്കുവാൻ നാം പലപ്പോഴും തയ്യാറാവുന്നില്ല. ഈ അവസ്ഥയിൽ, നാം ഇപ്രകാരം പാടേണ്ടുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ദേശമെല്ലാം ഉണർന്നീടുവാൻ
യേശുവിനെ ഉയർത്തീടുവാൻ (2)
ആശിഷമാരി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

ഇതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. ഏതെല്ലാം ദേശം യേശുവിനെ അറിഞ്ഞുവോ, ആ ദേശങ്ങളിലെല്ലാം ക്രിസ്തുവിന്റെ ജീവൻ വെളിച്ചമായെത്തി അവരെ രൂപാന്തരപ്പെടുത്തി. എവിടെയെല്ലാം യേശുപ്രഘോഷിക്കപ്പെട്ടുവോ അവിടെയെല്ലാം ദൈവം ജനത്തിന്റെ സ്ഥിതിയെ മാറ്റി. പാപത്തിൽനിന്നും ശാപത്തിൽനിന്നും ഇരുട്ടിൽനിന്നും അടിമത്തത്തിൽനിന്നും അവരെ യേശു പുറത്തുകൊണ്ടുവന്നു. ഇതെല്ലം നമ്മിലൂടെ ചെയ്തെടുക്കുവാൻ നമ്മിൽ വ്യാപരിക്കുന്ന അന്ത്യന്തശക്തിയായ പരിശുദ്ധാത്മാവിനാൽ ഇന്നുംകഴിയും. ഈ പരിശുദ്ധാത്മാവിന്റെ മഴക്കായി നാം ആത്മാർത്ഥതയോടുകൂടി പ്രാർത്ഥിക്കേണം എന്നുമാത്രം.

തിരുവചനം ഘോഷിക്കുവാൻ
തിരുനന്മകൾ സാക്ഷിക്കുവാൻ
ഉണർവ്വിൻ ശക്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

റോമർ 1 : 16. **സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല;**
വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നുംപിന്നെ
യവനന്നും അതു രക്ഷെക്കായി
ദൈവശക്തിയാകുന്നുവല്ലോ.

സുവിശേഷം പങ്കുവയ്ക്കുക എന്നത് ഏതെങ്കിലും ഒരു സംഘടനയുടെയോ കൂട്ടത്തിന്റെയോ കൂട്ടായ്മയുടെയോ മാത്രം അവകാശമോ ഔദാര്യമോ അല്ല മറിച്ചു, യേശുപഠിപ്പിച്ചതും ശിഷ്യന്മാർ ചെയ്തതും ആദിമസഭമുതൽ അനുസരിച്ചു വരുന്നതുമായ ദൈവത്തിന്റെ കല്പനയാണ്.

മത്തായി 28
18. **യേശു അടുത്തുചെന്നു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല**
അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.
19. **ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും**
പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ
സ്നാനംകഴിപ്പിച്ചും
20. **ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ**
തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു
സകലജാതികളെയുംശിഷ്യരാക്കിക്കൊൾവിൻ; ഞാനോ
ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു"
എന്നുഅരുളിച്ചെയ്തു.

ലൂക്കോസ് 10
3. **പോകുവിൻ; ചെന്നായ്ക്കളുടെ നടുവിൽ**
കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു.
4. **സഞ്ചിയും പൊക്കണവും ചെരിപ്പും എടുക്കരുതു;**
വഴിയിൽവെച്ചു ആരെയും വന്ദനം ചെയ്കയുമരുതു;
5. **ഏതു വീട്ടിൽ എങ്കിലും ചെന്നാൽ: ഈ വീട്ടിന്നു സമാധാനം**
എന്നു ആദ്യം പറവിൻ

6. **അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേൽ വസിക്കും;**
ഇല്ലെന്നുവരികിലോനിങ്ങളിലേക്കു മടങ്ങിപ്പോരും.
7. **അവർ തരുന്നതു തിന്നും കുടിച്ചുംകൊണ്ടു ആ വീട്ടിൽ തന്നേ പാർപ്പിൻ; വേലക്കാരൻ തന്റെ കൂലിക്കുയോഗ്യനല്ലോ; വീട്ടിൽനിന്നു വീട്ടിലേക്കു മാറിപ്പോകരുതു.**
8. **ഏതു പട്ടണത്തിലെങ്കിലും ചെന്നാൽ അവർ നിങ്ങളെ കൈക്കൊള്ളുന്നു എങ്കിൽ നിങ്ങളുടെ മുമ്പിൽവെക്കുന്നതു ഭക്ഷിപ്പിൻ.**
9. **അതിലെ രോഗികളെ സൗഖ്യമാക്കി, ദൈവരാജ്യം നിങ്ങൾക്കു സമീപിച്ചുവന്നിരിക്കുന്നു എന്നു അവരോടുപറവിൻ.**
10. **ഏതു പട്ടണത്തിലെങ്കിലും ചെന്നാൽ അവർ നിങ്ങളെ കൈക്കൊള്ളുന്നില്ലെങ്കിൽ അതിന്റെ തെരുക്കളിൽപോയി:**
11. **നിങ്ങളുടെ പട്ടണത്തിൽനിന്നു ഞങ്ങളുടെ കാലിന്നു പറ്റിയ പൊടിയും ഞങ്ങൾ നിങ്ങൾക്കുകുടഞ്ഞേച്ചുപോകുന്നു;**
എന്നാൽ ദൈവരാജ്യം സമീപിച്ചുവന്നിരിക്കുന്നു. എന്നു അറിഞ്ഞുകൊൾവിൻ എന്നുപറവിൻ.

തിരുവചനഘോഷണത്തെക്കുറിച്ചു ഏറ്റവും വ്യക്തമായി യേശുതന്നെ സംസാരിച്ചിരിക്കുന്നു. ഈ സുവിശേഷഘോഷണവും സ്വന്തശക്തിയാൽ നാം നിർവഹിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെദാനമായി നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് നമ്മെ അതിനായി ഒരുക്കുകയും അയക്കുകയും ചെയ്യും. എന്നാൽ അതിനായുള്ള ദൈവശക്തി നമ്മിൽ പകരുവാൻ നാം പ്രാർത്ഥിക്കുക. നിറയ്ക്കുന്ന ഒരു ദൈവം നമ്മോടുകൂടെയുണ്ട്.

തിരുനാമം പാടിടുവാൻ
തിരുവചനം ധ്യാനിക്കുവാൻ (2)
ശാശ്വത ശാന്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

ദൈവവചനം എഴുതിയ ആൾ തന്നെ നമ്മോടു വചനം തെളിയിച്ചുതന്നാൽ അതിൽ പിശകുകൾ കണ്ടെത്തുവാൻ ആർക്കും കഴിയുകയില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ അപ്രകാരം പഠിപ്പിക്കുന്ന ഒരു അധ്യാപകനാണ്. ആത്മാവിന്റെ നിറവോടുകൂടി ആത്മീയസന്തോഷത്തോടുകൂടി പാടി ആരാധിക്കുവാൻ നമ്മെ പ്രചോദിപ്പിക്കുന്നത് ഈ ആത്മാവുതന്നെയാണ്. വചനം വായിച്ചു അസ്വസ്ഥരാവുന്ന ആരെയും നമുക്കു ഈ ഭൂതലത്തിലൊരിടത്തും കാണാൻ കഴിയുകയില്ല. കാരണം ക്രിസ്തുവിന്റെ ഈ വചനങ്ങൾ ജീവനുള്ളതും ഹൃദയങ്ങളെ മാനസാന്തരത്തിലേക്കു നടത്തുന്നതുമാണ്.
വചനത്തെക്കുറിച്ചു നാം ഇപ്രകാരം വായിക്കുന്നു.

എബ്രായർ 4 : 12. **ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതുവാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെതുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു**.

ദൈവത്തിന്റെ തിരുവചനങ്ങൾ നമ്മിൽ ജീവനായിത്തീരുവാൻ, ദൈവാത്മാവ് നമ്മെ സജ്ജരാക്കിത്തീർക്കും നിശ്ചയം.

ഇപ്രകാരം ദൈവത്താൽ ഒരു ഉണർവ്വ് നമ്മുടെമേൽ പകരപ്പെടണം, ഈ തലമുറയിൽ 'ഞങ്ങൾക്ക്' അത് ആവശ്യമാണ് എന്ന ബോധ്യത്തോടുകൂടി നാം പ്രാർത്ഥിച്ചുപാടുമ്പോൾ നിശ്ചയമായും ഈ കാലഘട്ടത്തിലെ ഉണർവിന്റെ അഗ്നിയാൽ നാം നിറയപ്പെടും.

ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.



Any Feedback / Queries :
jibymonkombil@gmail.com



Any Feedback / Queries :
+447823850578